**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2896 — 22.02.2016-ൽ മറുപടിയ്ക്ക്

**<u>സാംസ്കാരിക സ്ഥാപനങ്ങൾ</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ.എം.ഹംസ | കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സാംസ്കാരിക വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളാണുള്ളത്; | (എ) പാലക്കാട് ജില്ലയിൽ സാംസ്കാരിക വകുപ്പിന് കീഴിൽ തസ്രാക്കിലെ ഒ.വി.വിജയൻ സ്മാരകം, ലക്കിടിയിലെ കുഞ്ചൻ നമ്പ്യാർ സ്മാരകം എന്നീ സാംസ്കാരിക സ്ഥാപനങ്ങളുണ്ട്. |
| (ബി) ഓരോന്നിന്റെയും വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും ദൈനംദിന ചെലവുകൾക്കുമായി 60,99,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ മൂന്ന് ലക്ഷം രൂപ ചുറ്റമതിൽ നിർമ്മാണത്തിനും 10 ലക്ഷം രൂപ ക്ലാസ്സ് മുറികളുടെ നിർമ്മാണത്തിനും വിനിയോഗിച്ചിട്ടുണ്ട്. സ്ഥാപനം ജീവനക്കാരുടേയും അധ്യാപകരുടേയും ശമ്പളം, തുള്ളൽ സ്കോളർഷിപ്പ്, കുഞ്ചൻ ദിനം, മറ്റു ദൈനംദിന ചെലവുകൾ എന്നിവയ്ക്കും തുക വിനിയോഗിച്ചു.<br>പാലക്കാട് ഒ.വി.വിജയൻ സ്മാരകത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1,05,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2011-12-ൽ ബജറ്റ് പ്രസംഗമനുസരിച്ച് 50 ലക്ഷം രൂപയും 2012-13-ൽ പത്തായപ്പുരയുടെ പുനരുദ്ധാരണം, പടിപ്പുര നിർമ്മാണം മുതലായവയ്ക്ക് 5.50 ലക്ഷം രൂപയും, 2014-15-ൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് 50 ലക്ഷം രൂപയും അനുവദിച്ചിരുന്നു. |
| (സി) 2014-2015 വർഷത്തെ ബഡ്ജറ്റിൽ സാംസ്കാരിക സ്ഥാപനങ്ങൾക്കായി അനുവദിച്ചിരുന്ന തുക എത്ര; അതിൽ എത്ര ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ? | (സി) 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ സാംസ്കാരിക സ്ഥാപനങ്ങൾക്കായി അനുവദിച്ച 40.95 കോടി രൂപയിൽ ബജറ്റ് രേഖകൾ പ്രകാരം 37.86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ